## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8196 17.07.2014-ൽ മറുപടിക്ക്

### മുതലമട പഞ്ചായത്തിലെ കടിവെള്ള ക്ഷാമം

| ചോദ്യം<br>ശ്രീ.വി.ചെന്താമരക്ഷൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രൂക്ഷമായ കടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ബി നിലവിൽ കടിവെള്ളം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മുതലമട പഞ്ചായത്തിലുള്ള തെന്ന് വിശദമാക്കുമോ; | എ<br>&<br>ബി | ഇല്ല. നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി ഭാഗീകമായാണ് ശുദ്ധജലവിതരണം നടത്തുന്നത്. ഇതിൽ മീങ്കര ഡാം സ്രോതസ്സായ പദ്ധതിയിൽ നിന്നും ഗോവിന്ദപുരം അംബേദ്കർ കോളനി, നീലപ്പാറ എസ്.സി കോളനി എന്നീ പ്രദേശങ്ങളിലായി ഏകദേശം 2000 പേർക്ക് കടി വെള്ളം എത്തിക്കുന്നുണ്ട്. ഇതിനു പുറമേ നടുവൻചിറ കുഴൽക്കിണർ പദ്ധതിയിൽ നിന്ന് ആ പ്രദേശത്തെ ഏകദേശം 500 പേർക്ക് കടി വെള്ളം എത്തിക്കുന്നുണ്ട്. കൂടാതെ ചുണക്കടവ് കടിവെള്ള പദ്ധതിയിൽ നിന്ന് ചുണക്കടവ് ട്രൈബൽ കോളനിയിലെ 500 ഓളം ജനങ്ങൾക്ക് കടിവെള്ളം എത്തി ക്കുന്നുണ്ട്. ഇതു കൂടാതെ മുതലമട പഞ്ചായത്തിൽ ജലനിധി പ്രകാരം പൂർത്തിയാക്കിയ 6 മിനി കടിവെള്ള പദ്ധതിയിലേക്ക് വാട്ടർ അതോറിറ്റി യുടെ പൈപ്പിൽ നിന്നും ബൾക്ക് മീറ്റർ വച്ച് കടിവെള്ളം നൽകുന്നുണ്ട്. ഇത് 2000 പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| സി | മുതലമട പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം ജലസ്രോതസ്സായി വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത് സംബന്ധിച്ച എന്തെങ്കിലും നിർ ദ്ദേശം ഉണ്ടോ; വിശദാംശം നൽകുമോ ? | സി | ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ചുള്ളിയാർ ഡാമിൽ നിന്നും, ജലസ്രോതസ്സിന്റെ അപര്യാപ്തത കാരണം ഒരു ജലവിതരണ പദ്ധതിയും ഇതുവരെ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ ചുള്ളിയാർ ഡാമിൽ പലകപ്പാണി പദ്ധതിയിൽ നിന്ന് ആവശ്യത്തിനു വെള്ളം ലഭിക്കുകയാണെങ്കിൽ മുതലമട പഞ്ചായത്തിനും സമീപ പ്രദേശങ്ങൾക്കുമായി വിപുലമായ പദ്ധതി രൂപ കല്പന ചെയ്യാവുന്നതാണ്. ഇതിനായി ചുള്ളിയാർ ഡാമിൽ നിന്നും വെള്ളം ലഭിക്കുന്നതിനും പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനും അനുസൃതമായി മാത്രമേ പദ്ധതി രൂപ കല്പന ചെയ്യുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ